# ബ്രഹ്മപുത്രയിലെ മുക്കുവൻ

**അ**ത്ര പണ്ടൊന്നുമല്ല. ബ്രഹ്മപുത്രാ നദിക്കരയിൽ ഒരു മുക്കുവൻ വസിച്ചിരുന്നു. സസുഖം. സംതൃപ്തനും ആഹ്ലാദവാനുമായി അവന്റെ ഓടക്കുഴലിൽ ബിഹുഗാനങ്ങളും വായിച്ച് അവൻ കഴിഞ്ഞുപോന്നു. അവൻ ദിവസവും ആവശ്യമുള്ളത്ര മീൻ ചൂണ്ടയിട്ട് പിടിയ്ക്കും. ചൂണ്ടയിട്ട് കാത്തിരിക്കുമ്പോഴും അവൻ പൂക്കളോടും കിളികളോടും സല്ലപിക്കുകയും മൂളിപ്പാട്ട് പാടുകയും ചെയ്തിരുന്നു. ബ്രഹ്മപുത്രയിലെ ജലകണികയെപ്പോലെ ത്തന്നെ നിർമലമായി. സരളമായി അവന്റെ ജീവിത നിയതിയും ഒഴുകി.

പുഴക്കരയിലെ വന്മരവും തീരത്ത് കളിക്കാൻ വരുന്ന കുട്ടികളും അവന്റെ കൂട്ടുകാരായിരുന്നു. ഉച്ചയൂണ് കഴിഞ്ഞാൽ മരത്തണലിൽ ഓടക്കുഴൽ വായിച്ച് വായിച്ച് അവനുറങ്ങും. സുഖമായി.

ഒരു ദിവസം ഒരു വഴിപോക്കൻ അതിലേ വന്നു. മുക്കുവൻ അയാളുമായും ചങ്ങാത്തമായി. അയാൾ പറഞ്ഞു. 'പോ മുക്കുവാ, നീ കുറേക്കൂടി മീൻ പിടിക്കാത്തതെന്താ?'

മുക്കുവൻ അത്ഭുതപ്പെട്ടു: 'എന്തിന്?'

'വിൽക്കാൻ', വഴിപോക്കൻ പറഞ്ഞു.

'എന്നിട്ടോ?' മുക്കുവൻ ചോദിച്ചു.

'ആ പണം കൊണ്ട് വല വാങ്ങാമല്ലോ'.

'എന്തിന്?' മുക്കുവൻ ചോദിച്ചു.

**ഒരു ആസാം നാടോടിക്കഥ**

'ധാരാളം മീൻ പിടിക്കാൻ', വഴിപോക്കൻ പറഞ്ഞു.

'എന്നിട്ടോ?' മുക്കുവന് സംശയം തീർന്നില്ല.

'വിറ്റു കാശാക്കി ഒരു വള്ളം വാങ്ങാമല്ലോ'.

'എന്നിട്ടെന്തു ചെയ്യാനാണ്' മുക്കുവന് കുറേശെ അരിശം വരാൻ തുടങ്ങി.

'കൂടുതൽ കൂടുതൽ മീൻ പിടിച്ച് വിറ്റ്. കൂടുതൽ കൂടുതൽ സമ്പാദിക്കാമല്ലോ?'

'എന്തിന്? ' മുക്കുവൻ വീണ്ടും ചോദിച്ചു.

'ഒരു വലിയ വീട് പണിയാൻ' വഴി പോക്കൻ പറഞ്ഞു.

'എന്നിട്ട്?' മുക്കുവന് അത്ഭുതം!

'ഹേ വിഡ്ഢി, എന്നിട്ട് നല്ലൊരു കല്യാണവുമൊക്കെ കഴിച്ച് ധാരാളം പണിക്കാരുമായി സുഖമായി ജീവിയ്ക്കാമല്ലോ'.

'എന്നിട്ടോ? മുക്കുവന് രസമായി

'പിന്നെ നിനക്ക് യാതൊരു പണിയും ചെയ്യേണ്ടിവരില്ല. മീൻ പിടിക്കാൻ, വിൽക്കാൻ, ആഹാരം വയ്ക്കാൻ, വിളമ്പാൻ ...... ഒക്കെ നിനക്ക് പണിക്കാരുണ്ടാവുമല്ലോ'

'എന്നിട്ട്' മുക്കുവൻ വിട്ടില്ല.

'എന്നിട്ട്, എന്നിട്ട് ........

നിനക്ക് നല്ല സുഖമായുറങ്ങാമല്ലോ' വഴിപോക്കൻ

'ഹ.ഹ.ഹ' മുക്കുവൻ പൊട്ടിച്ചിരിച്ചു.

'അതല്ലേ ഞാനിപ്പോഴും ചെയ്യുന്നത്?'

(പുനരാഖ്യാനം:
എസ്. ശാന്തി)